# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ് 2

**2023 മാർച്ച് 2**

---

## സ്വപ്നങ്ങൾ സഫലമാക്കാൻ നാട്ടിലെ സാധ്യതകൾ പ്രയോജനപ്പെടുത്തണം- സന്തോഷ് ജോർജ് കുളങ്ങര

സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സ്വന്തം നാട്ടിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ യുവതലമുറ പരിശ്രമിക്കണമെന്ന് സന്തോഷ് ജോർജ് കുളങ്ങര പറഞ്ഞു.

മഹാത്മാഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻക്യൂബേഷൻ സെന്ററും സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസും സംയുക്തമായി സംഘടിപ്പിച്ച മീറ്റ് ദ ലെജൻഡ് പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിൽ സർവകലാശാലകൾക്കും കലാലയങ്ങൾക്കും നിർണായക പങ്കു വഹിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു.

സർവകലാശാലാ പ്രൊ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെൻറർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ് ഡയറക്ടർ പ്രഫ.സന്തോഷ് പി. തമ്പി, ഇൻക്യൂബേഷൻ മാനേജർ ഡോ.സി. ചന്ദന സി, ടി.ബി.ഐ മാനേജർ ഡോ. പി. സൗമ്യ എന്നിവർ സംസാരിച്ചു.

**ഫോട്ടോ ക്യാപ്ഷൻ..**

മഹാത്മാഗാന്ധി സർവകലാശാലയിലെ മീറ്റ് ദ ലെജൻഡ് പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്ത സന്തോഷ് ജോർജ് കുളങ്ങരയെ പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ആദരിക്കുന്നു. ഡോ. ഇ.കെ. രാധാകൃഷ്ണൻ സമീപം.

(പി.ആർ.ഒ/39/252/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**